

കുടുംബശ്രീ
**കുടുംബവിശേഷം**

**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

**കുടുംബശ്രീക്കാരുടെ വീടുകളിലെ 25 വയസ്സു തികഞ്ഞ സ്ത്രീകൾക്കെല്ലാം കലാപ്രതിഭ തെളിയിക്കാനുള്ള വേദി ഒരുങ്ങിക്കഴിഞ്ഞു. എഡിഎസ് തലം മൽസരങ്ങളായിരുന്നു ഏപ്രിൽ 22 വരെ. ഇനി സിഡിഎസ് ലവൽ മൽസരങ്ങളാണ്. അതു കഴിഞ്ഞാൽ താലൂക്കുതല മൽസരങ്ങളും ജില്ലാതല മൽസരങ്ങളും. ഒടുവിൽ സംസ്ഥാന കലോൽസവവും.**

# കുടുംബശ്രീ കലോൽസവം 'അരങ്ങ് 2017'

രണ്ടര ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലായി 43 ലക്ഷം സ്ത്രീകൾ പ്രവർത്തിക്കുന്ന കുടുംബശ്രീ കലോൽസവത്തിനൊരുങ്ങുന്നു. അരങ്ങ്-2017 എന്ന പേരിൽ നടത്തുന്ന ഈ കലാമേള ഇത്തവണ ഒരു ചരിത്രസംഭവമായി മാറും. കേരളം കണ്ട ഏറ്റവും വലിയൊരു വനിതാ മുന്നേറ്റമായി ഈ കലോൽസവത്തെ മാറ്റിയെടുക്കാൻ നമുക്കു കഴിയില്ലേ? നാം വിചാരിച്ചാൽ അസാധ്യമായ ഒന്നുമില്ല. അതാണു കുടുംബശ്രീ കൂട്ടായ്മയുടെ ശക്തി.

എല്ലാ കുടുംബശ്രീ അംഗങ്ങളും ഇതിൽ പങ്കാളികളാവണം. സമ്മാനം കിട്ടുന്നതിനെക്കാൾ പ്രധാനം ഇത്തരം കൂട്ടായ്മകളിൽ സജീവ പങ്കാളികളാവുകയാണ്. അതു കൂട്ടായ പ്രവർത്തനങ്ങൾക്കു പുതിയ ഊർജം നൽകും.

മൊത്തം 13 സ്റ്റേജ് ഇനങ്ങളും ഏഴു സ്റ്റേജിതര ഇനങ്ങളുമാണു മൽസരത്തിനുണ്ടാവുക. സ്റ്റേജ് ഇനങ്ങളിൽ ലളിതഗാനം, മാപ്പിളപ്പാട്ട്, ഫാൻസി ഡ്രസ്, നാടോടിനൃത്തം, മിമിക്രി, മോണോ ആക്ട് എന്നിവ വ്യക്തിഗത ഇനങ്ങളാണ്. ഫാൻസി ഡ്രസിനു രണ്ടു മിനിറ്റ് മാത്രമേ സമയം അനുവദിക്കൂ. മറ്റ് ഇനങ്ങൾക്ക് അഞ്ചു മിനിറ്റ് വീതം സമയം ലഭിക്കും .

ഗ്രൂപ്പ് ഇനങ്ങൾ താഴെ ചേർക്കുന്നു. ബ്രാക്കറ്റിൽ സമയവും പങ്കെടുക്കാവുന്നവരുടെ എണ്ണവുമുണ്ട്. സംഘഗാനം (10 മിനിറ്റ് ഏഴു പേർ), സംഘനൃത്തം (10 മി. ഏഴു പേർ), നാടൻ പാട്ട് (5 മി. ഏഴു പേർ), തിരുവാതിര (10 മി.10 പേർ) ,ഒപ്പന (10 മി. 10 പേർ), നാടകം (30 മി. 10 പേർ), ശിങ്കാരിമേളം (10 മി. 10 മുതൽ 15 പേർ). സ്റ്റേജിതര ഇനങ്ങൾ, സമയം ബ്രാക്കറ്റിൽ: ചിത്രരചന ( പെൻസിൽ - 60 മിനിറ്റ്), ചിത്രരചന (ജലച്ചായം 120 മിനിറ്റ്), കഥാരചന (മലയാളം - 90 മിനിറ്റ് ), പ്രസംഗം (10 മിനിറ്റ് ), കവിതാ പാരായണം (10 മിനിറ്റ് ), കാർട്ടൂൺ (15 മിനിറ്റ്), കവിതാ രചന (മലയാളം 90 മിനിറ്റ്).



## നിബന്ധനകൾ

അയൽക്കൂട്ടങ്ങളിലെ പ്രതിനിധികൾക്കും അവരുടെ കുടുംബങ്ങളിലെ 25 വയസ്സ് പൂർത്തിയായ വനിതകൾക്കും മൽസരങ്ങളിൽ പങ്കെടുക്കാം . ഒരു കുടുംബത്തിലെ 25 വയസ്സിനു മുകളിൽ പ്രായമായ എത്രപേർക്കു വേണമെങ്കിലും പങ്കെടുക്കാം. എഡിഎസ് തല മൽസരങ്ങളാണു പ്രാഥമിക ഘട്ടം . ഇതിൽ ഒന്നാം സ്ഥാനം നേടുന്ന വ്യക്തികൾക്കും സംഘങ്ങൾക്കും സിഡിഎസ് തല മൽസരങ്ങളിൽ പങ്കെടുക്കാം .അവിടെ ഒന്നാം സ്ഥാനം നേടുന്നവർക്കു താലൂക്കുതല മൽസരങ്ങളിൽ പങ്കെടുക്കാം .അവിടെ ഒന്നാം സ്ഥാനം നേടുന്നവർക്കേ ജില്ലാതല മൽസരത്തിലേക്ക് അർഹതയുള്ളൂ. ജില്ലാതല മൽസരങ്ങൾക്ക് ഒന്നാം സ്ഥാനം നേടുന്നവർക്കു സംസ്ഥാനതല മൽസരങ്ങളിൽ പങ്കെടുക്കാം.

സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന ജില്ലയ്ക്ക് ഓവറോൾ ചാംപ്യൻ ട്രോഫി നേടാം. ഓരോ വ്യക്തിഗത ഇനങ്ങളിലും ഒന്നാം സ്ഥാനത്തിന് അഞ്ചു മാർക്കും രണ്ടാം സ്ഥാനത്തിനു മൂന്നു മാർക്കും മൂന്നാം സ്ഥാനത്തിന് ഒരു മാർക്കും കിട്ടും. സംഘം ഇനങ്ങളിലാണെങ്കിൽ ഇതിനു യഥാക്രമം 10 മാർക്കും അഞ്ചു മാർക്കും മൂന്നു മാർക്കും ലഭിക്കും.

## സാമ്പത്തിക സഹായം

ജില്ലാതല മൽസരങ്ങൾക്കു 2,22,500 രൂപയും താലൂക്കുതലത്തിനു 30,000 രൂപയും സിഡിഎസ് തലത്തിന് 5,000 രൂപയും അനുവദിക്കും. എഡിഎസ് മൽസരങ്ങൾക്കു സാമ്പത്തിക സഹായം നൽകുന്നതല്ല. എല്ലാവിഭാഗത്തിനും തനതു ഫണ്ടും സ്പോൺസർഷിപ്പുമാകാം. എല്ലാ മൽസര ഇനങ്ങൾക്കും സർട്ടിഫിക്കറ്റുകൾ നൽകും. എഡിഎസ്, സിഡിഎസ് തലത്തിലെ ഒന്ന്, രണ്ട് സമ്മാനങ്ങൾക്കു

സർട്ടിഫിക്കറ്റുകൾ സിഡിഎസ് നൽകും. താലൂക്കു തലത്തിലും ജില്ലാ തലങ്ങളിലുമുള്ളതു സംസ്ഥാന മിഷനും നൽകും.

എഡിഎസ് തലത്തിലെ മൽസര വിജയികളുടെ ലിസ്റ്റ് രണ്ടു ദിവസത്തിനുള്ളിൽ മെംബർസെക്രട്ടറിക്കു നൽകേണ്ടതും സിഡിഎസ് തല മൽസര വിജയികളുടെ ലിസ്റ്റ് രണ്ടു ദിവസത്തിനകം ജില്ലാ മിഷൻ കോർഡിനേറ്റർക്കു സമർപ്പിക്കേണ്ടതും ജില്ലാതല മൽസര വിജയികളുടെ ലിസ്റ്റ് രണ്ടു ദിവസത്തിനകം സംസ്ഥാന മിഷനിലെ pospemorg@gmail.com ഇ-മെയിലിലേക്കു ജില്ലാ മിഷന്റെ മെയിൽ ഐഡിയിൽ നിന്നു മെയിൽ ചെയ്യേണ്ടതുമാണ്. എഡിഎസ് തലം മുതൽ സംസ്ഥാനതലം വരെ കലോൽസവങ്ങളുടെ വിജയത്തിനായി അതതു തലങ്ങളിൽ സംഘാടക സമിതി രൂപീകരിക്കാം . ഒരു മൽസരാർഥി മൂന്നു വ്യക്തിഗത ഇനങ്ങളിലും രണ്ടു ഗ്രൂപ്പുകളിലും മാത്രമേ മൽസരിക്കാൻ പാടുള്ളൂ. എഡിഎസ് തല മൽസരത്തിൽ നിർബന്ധമായും എല്ലാ അയൽക്കൂട്ടങ്ങളുടെയും പ്രാതിനിധ്യം ഉറപ്പു വരുത്തണം. ഇതിനായി നിശ്ചിത ദിവസത്തിനു മുൻപു കൃത്യമായ അറിയിപ്പുകൾ ബന്ധപ്പെട്ടവർ നൽകണം. സംസ്ഥാന മൽസരങ്ങളിൽ പങ്കെടുക്കുന്ന മൽസരാർഥികളുടെ വിശദാംശം പ്രസ്തുത ഫോർമാറ്റിൽ തയ്യാറാക്കി ഫോട്ടോ സഹിതം നിശ്ചിത ദിവസത്തിനുള്ളിൽ സംസ്ഥാന മിഷനിൽ സമർപ്പിക്കണം. ചിത്രരചന, പ്രസംഗം, എന്നീ മൽസര ഇനങ്ങൾക്കു വിഷയം നവകേരള മിഷനുമായി ബന്ധപ്പെട്ടത് ആയിരിക്കണം.നൃത്ത ഇനങ്ങൾക്കു പിന്നണിയിൽ റിക്കോർഡിങ് രംഗ സജ്ജീകരണത്തിനായി ഉപയോഗിക്കാം . എഡിഎസ് തല മൽസരാർഥികൾ മൽസര തീയതിക്ക് ഒരുദിവസം മുൻപു പേര് സംഘാടകരെ അറിയിക്കേണ്ടതാണ് .

***കലോൽസവ സംഘാടന തീയതി ചുവടെ ചേർക്കുന്നു:*** സിഡിഎസ് തലം: 2017 ഏപ്രിൽ 30ന് അകം, താലൂക്കു തലം: മേയ് 6ന് അകം, ജില്ലാതലം: മേയ് 12ന് അകം. ഒപ്പനയ്ക്കു പക്കമേളമോ പിന്നണിയോ പാടില്ല. മമ്പാട്ടുകാരികൾ നിർബന്ധമാണ്. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടും താളത്തിനൊത്ത കയ്യടിയുമാണു മുഖ്യ ഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും ചുറ്റിക്കളിയുമാകാം .

ഒരു മണവാട്ടിയും വേണം. മൽസരത്തിൽ പങ്കെടുക്കുന്ന പത്തു പേരും സ്റ്റേജിൽ അണിനിരക്കണം . തിരുവാതിര കളിക്കു പിൻപാട്ടുകൾക്കും കുടുംബശ്രീ അയൽക്കൂട്ടങ്ങളുമായി ബന്ധപ്പെട്ട അംഗങ്ങൾ തന്നെ യാവണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം. (സംഘാടകർ നൽകണം).

ജില്ലാതല മൽസരങ്ങളുടെ വിജയത്തിനായി ജില്ലയെ പ്രതിനിധാനം ചെയ്യുന്ന മന്ത്രി രക്ഷാധികാരിയായും ജില്ലാ പഞ്ചായത്തു പ്രസിഡന്റ് ചെയർമാനും, ജില്ലാ മിഷൻ കോഓർഡിനേറ്റർ കൺവീനറുമായി നിർവാഹകസമിതി രൂപീകരിക്കേണ്ടതാണ് . പ്രോഗ്രാം കമ്മിറ്റി, സ്റ്റേജ് ആൻഡ് സൗണ്ട് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി, ഭക്ഷണ കമ്മിറ്റി എന്നീ കമ്മിറ്റികൾ രൂപീകരിക്കണം. ജില്ലാതല ഉദ്യോഗസ്ഥർ ആയിരിക്കണം ഈ കമ്മിറ്റികളുടെ കൺവീനർമാർ .

### അപ്പീലുകൾ

സിഡിഎസ് തല മൽസരങ്ങളുടെ അപ്പീൽ അധികാരി ബ്ലോക്ക് കോഓർഡിനേറ്റർ ആയിരിക്കും. താലൂക്കുതല മൽസരങ്ങളുടെ അപ്പീൽ അധികാരി അസിസ്റ്റന്റ് ജില്ലാ മിഷൻ കോഓർഡിനേറ്ററും ജില്ലാ മൽസരങ്ങളുടേത് ജില്ലാ മിഷൻ കോഓർഡിനേറ്ററും സംസ്ഥാനതല മൽസരങ്ങളുടേതു കുടുംബശ്രീ ഡയറക്ടറും (എ ആൻഡ് എഫ്) ആയിരിക്കും. അതതു തല മൽസരങ്ങളുടെ ഫലപ്രഖ്യാപനത്തിനു ശേഷം, രണ്ടു മണിക്കൂറിനകം അപ്പീൽ സമർപ്പിക്കണം .

**അപ്പീൽ ഫീസ്:** എഡിഎസ് തലം: 200 രൂപ, സിഡിഎസ് തലം: 300 രൂപ, താലൂക്കുതലം: 400 രൂപ, ജില്ലാ തലം / സംസ്ഥാന തലം: 500 രൂപ.

അപ്പീൽ അനുവദിക്കുന്ന പക്ഷം തുക മൽസരാർഥികൾക്കു തിരികെ കിട്ടും .അനുവദിക്കാത്ത പക്ഷം തുക അതതു തലങ്ങളിലെ തനതു ഫണ്ടിലേക്കു കൈമാറണം . താലൂക്കുതല അപ്പീലുകളുടെ തുക ജില്ലാ മിഷന്റെ ഫണ്ടിലേക്ക് അടയ്ക്കണം. അപ്പീലുകൾ ലഭിച്ചു രണ്ടു ദിവസത്തിനകം തീർപ്പ് ഉണ്ടാക്കണം .

### കായിക മൽസരം

കായിക മൽസരങ്ങൾ സിഡിഎസ്, ജില്ലാ തലങ്ങളിൽ മാത്രമാണു സംഘടിപ്പിക്കേണ്ടത്. 100 മീ, 200 മീ, 400മീ, 800 മീ ഓട്ട മൽസരങ്ങളും 100 x 4 റിലേ, ലോങ് ജംപ് ,നടത്തം (800 മീ), വടംവലി, ഷോട്പുട്ട് ( നാലു കിലോ) എന്നീ മൽസരങ്ങളുമുണ്ടാകും.



## മൂല്യനിർണയം എങ്ങനെ വേണം?

ചിത്രരചന (പെൻസിൽ): മത്സരത്തിനു മാർക്കിടുമ്പോൾ തന്നെ വിഷയവുമായുള്ള ബന്ധത്തിനും കോമ്പോസിഷനും പ്രയോഗ സാമർഥ്യത്തിനും രേഖകളുടെയും ഇരുൾ വെളിച്ചങ്ങളുടെ സവിശേഷതയ്ക്ക് 20 മാർക്ക് വീതമാണ് ഇടേണ്ടത്. ജലച്ഛായ ചിത്രരചനയ്ക്കു തന്ന വിഷയം കോമ്പോസിഷൻ, പ്രയോഗ മികവ്, ശൈലി, പൂർണത എന്നിവയ്ക്ക് 20 മാർക്ക് വീതം.

**കഥാരചന:** ഭാഷ, സർഗാത്മകത, ആവിഷ്കാര രീതി, സൗന്ദര്യാത്മകത, പ്രതിപാദന രീതി എന്നിവയ്ക്ക് 20 മാർക്ക് വീതം. **കവിതാ പാരായണം :** ഭാഷ, അവതരണം, താളം, സാഹിത്യശുദ്ധി, ശാരീരം എന്നിവയ്ക്ക് 20 മാർക്ക് വീതം. **കാർട്ടൂൺ:** വിഷയം, രചനാശൈലി, ആക്ഷേപഹാസ്യ സാമൂഹിക വിമർശനം, സംവിധാനം, നർമബോധം എന്നിവയ്ക്ക് ഒരേ മാർക്ക്. **പ്രസംഗം:** സഭാകമ്പമില്ലായ്മ, അക്ഷര സ്ഫുടത, ഭാഷാശുദ്ധി, ആശയ സ്ഫുടത, ശബ്ദ നിയന്ത്രണം എന്നിവ നോക്കണം. 20 മാർക്ക് വീതം. **ലളിത ഗാനം:** ശാരീരം, ശ്രുതിലയം, ജ്ഞാനഭാവം, താളം എന്നിവയ്ക്ക് 20 മാർക്ക് വീതം. സാഹിത്യ ശുദ്ധിക്ക് 15 മാർക്ക്. സദസ്സിനെ അഭിമുഖീകരിക്കൽ 2 മാർക്ക്. **മാപ്പിളപ്പാട്ട്:** ശാരീരം, ശ്രുതിലയം, താളം, സാഹിത്യ ശുദ്ധിയും ഉച്ചാരണ ശുദ്ധിയും 25 മാർക്ക് വീതം. **ഫാൻസി ഡ്രസ്:** അവതരണം, വേഷം, ഭാവപ്രകടനം, ചമയം എന്നിവയ്ക്ക് 25 മാർക്ക് വീതം. **മിമിക്രി:** അഭിനയം ,തന്മയത്വം.അനുകരണ സാമർഥ്യം, വിഷയത്തോടുള്ള നീതി എന്നിവയ്ക്ക് 25 മാർക്ക് വീതം. **നാടോടി നൃത്തം :** ആകാര സൂക്ഷ്മത, വേഷം, ഭാവപ്രകടനം, താളം, ചലനഭംഗി എന്നിവയ്ക്ക് 20 മാർക്ക് വീതം. **മോണോആക്ട്:** അക്ഷര സ്ഫുടത, ആശയസ്ഫുടത, സംഭാഷണം, എന്നിവയ്ക്ക് 25 മാർക്ക്.ഭാവാഭിനയത്തിന് 20 മാർക്ക്. പ്രമേയവും പാത്രവൽക്കരണവും 15 മാർക്ക്. സംഘനൃത്തത്തിനു നർത്തകർ തമ്മിലുള്ള യോജിപ്പ്, വേഷവിധാനവും വിഷയത്തിന്റെ യോജിപ്പും, ചലനം,താളം, അവതരണം എന്നിവയ്ക്ക് 20 മാർക്ക് വീതം. **നാടൻ പാട്ട്:** സാഹിത്യം, താളവും ഈണവും ഉച്ചാരണവും, ഏറ്റുപാട്ടുകളുടെ യോജിപ്പ്, ഉപകരണം എന്നിവയ്ക്ക് 20 മാർക്ക് വീതം. **സംഘഗാനം:** അവതരണ രീതി, ശ്രുതിയും ലയവും താളവും ആശയഗ്രഹണം, അംഗങ്ങൾ തമ്മിലുള്ള ചേർച്ച. 25 മാർക്ക് വീതം. **തിരുവാതിര :** വേഷത്തനിമ, ചലനം, താളം, ചുവട്. 25 മാർക്ക് വീതം. **ഒപ്പന :** വട്ടപ്പാട്ടിന്റെ ഇശൽ,പാട്ടിന്റെ സാഹിത്യം, താളവും കയ്യടിയുടെയും ചേർച്ച, ശ്രുതിലയവും ശബ്ദ ഭംഗിയും തനിമയാർന്ന അവതരണം.20 മാർക്ക് വീതം. **നാടകം:** കഥാവസ്തു, സംഭാഷണം, അഭിനയം, വേഷം, അവതരണം, 20 മാർക്ക് വീതം. **ശിങ്കാരിമേളം:** മനോധർമം, ലയം, വാദ്യോപകരണങ്ങളുടെ യോജിപ്പ്, താളം, നാദം. 20 മാർക്ക് വീതം.